പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2005 26.03.2013-ൽ മറുപടിയ്ക്ക്

വൈദ്യുതി മേഖലയുടെ സ്വകാര്യവൽക്കരണത്തിലുള്ള നിലപാട്.

ചോദ്യം
ശ്രീ. എ. കെ. ബാലൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. രാജു എബ്രഹാം :
പ്രൊഫ. സി. രവീന്ദ്രനാഥ് :

ഉത്തരം
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) വൈദ്യുതി മേഖലയുടെ സ്വകാര്യവൽക്കരണത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ;

(ബി) പുനരുദ്ധാരണ പദ്ധതിയിൽ ചേരുന്നതിന് സന്നദ്ധത അറിയിച്ചുകൊണ്ട് ഉന്നതനായ ഉദ്യോഗസ്ഥൻ കേന്ദ്ര സർക്കാരിന് കത്തെഴുതിയിട്ടുണ്ടോ ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ; പ്രസ്തുത കത്തെഴുതിയത് സർക്കാരിന്റെ അറിവോടുകൂടിയാണോ ; ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ ;

(എ) & (ബി) സംസ്ഥാന ഉടമസ്ഥതയിലുള്ള വിതരണ സ്ഥാപനങ്ങളുടെ ( Discoms) സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ രൂപം നൽകിയ സാമ്പത്തിക പുനരുദ്ധാരണ പദ്ധതിയിൽ പ്രഖ്യാപിച്ചിട്ടുള്ള സഹായങ്ങൾ വേണ്ടെന്നു വയ്ക്കാൻ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സംസ്ഥാന വൈദ്യുതി ബോർഡിന് കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത സ്കീമിൽ ചേരുന്നതു സംബന്ധിച്ച വൈദ്യുതി ബോർഡിന്റെ നിർദ്ദേശത്തിനു സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും, മറ്റുപല സംസ്ഥാനങ്ങളും ചെയ്തിട്ടുള്ളതുപോലെ സ്കീമിൽ ചേരുന്നതിനുള്ള തത്വത്തിലുള്ള സമ്മതം 17-12-2012-ലെ കത്തു പ്രകാരം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തിരുന്നു. കത്തിന്റെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു.

സാമ്പത്തിക പുനരുദ്ധാരണ പദ്ധതിയുടെ പാർട്ട്-സിയിൽ പ്രതിപാദിച്ചിട്ടുള്ള നിർബന്ധിത വ്യവസ്ഥകളിൽ സംസ്ഥാനത്തെ വൈദ്യുതി വിതരണ മേഖലയിലെ സ്വകാര്യ പങ്കാളിത്തവും ഉൾപ്പെടുന്നുണ്ട്.

വൈദ്യുതി ബോർഡിന്റെ സാമ്പത്തിക പുനരുദ്ധാരണ സ്കീമിൽ സംസ്ഥാനം ചേരുന്നതും ആയത് സംസ്ഥാന വിതരണ സ്ഥാപനമായ വൈദ്യുതി ബോർഡിൽ നടപ്പിലാക്കുന്നതും സംബന്ധിച്ച വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും 19-02-2013ൽ ചേർന്ന മന്ത്രിസഭാ യോഗം സാമ്പത്തിക പുനരുദ്ധാരണ പദ്ധതിയിൽ സംസ്ഥാന സർക്കാരും ചേരുന്നതാണ് എന്നും സ്വകാര്യ ഫ്രാഞ്ചൈസിയും പൊതു സ്വകാര്യ മേഖലാ പങ്കാളിത്തവും (Public - Private - Participation)

ഉണ്ടായിരിക്കുന്നതല്ല എന്ന് കേന്ദ്ര സർക്കാരിനോട് വ്യക്തമാക്കേണ്ടതാണ് എന്നും തീരുമാനിക്കുകയുണ്ടായി. തദനുസരണം സംസ്ഥാന സർക്കാരിന്റെ നിലപാടു വ്യക്തമാക്കിക്കൊണ്ട് കേന്ദ്ര സർക്കാരിന് 27-02-2013-ൽ കത്തു നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ വൈദ്യുതി മേഖല സ്വകാര്യവൽക്കരിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്ന് സമ്മർദ്ദം നേരിടുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സാഹചര്യം അതിജീവിക്കാൻ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

(സി) & (ഡി) കേന്ദ്ര സർക്കാർ നിയോഗിച്ച സമിതികൾ വൈദ്യുതി വിതരണ രംഗത്ത് സ്വകാര്യ മേഖലയുടെ പങ്കാളിത്തം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ വിതരണ മേഖലയിൽ സ്വകാര്യ പങ്കാളിത്തം അനുവദിക്കുന്നതു സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ 18-02-2013-ലെ കത്തു പ്രകാരം കേന്ദ്ര ഊർജ്ജ മന്ത്രാലയം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഫ്രാഞ്ചൈസി മാതൃകയിലോ പൊതു-സ്വകാര്യ-പങ്കാളിത്തത്തോടെയോ ഉള്ള വൈദ്യുതി വിതരണ മേഖലയിലെ സ്വകാര്യ പങ്കാളിത്തം അനുവദിക്കുന്നതിന്റെ പിന്നിലുള്ള കേന്ദ്രസർക്കാരിന്റെ പ്രധാന ഉദ്ദേശ്യം സാങ്കേതിക വാണിജ്യനഷ്ടം (Aggregate Technical and Commercial Loss) കുറയ്ക്കുക എന്നതാണെന്നു കരുതുന്നു. രാജ്യത്തെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഇക്കാര്യത്തിൽ അസൂയാവഹമായ പുരോഗതി കൈവരിച്ചുകഴിഞ്ഞിട്ടുണ്ട്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് മേൽപ്പറഞ്ഞ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള സംസ്ഥാനങ്ങളിലെ സ്ഥാപനങ്ങളേക്കാൾ ഫലപ്രദമായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ആയതിനാൽ ഇവ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യത്തിൽ വിജയകരമായിരിക്കില്ല എന്നു കേന്ദ്ര സർക്കാരിനെ ബോധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതിന്റെ ഭാഗമായി വൈദ്യുതി ബോർഡ് ചെയർമാൻ 22-03-2013 ന് പവർ ഫിനാൻസ് കോർപ്പറേഷൻ ചെയർമാൻ ആൻറ് മാനേജിംഗ് ഡയറക്ടർക്ക് ഒരു അർദ്ധ ഔദ്യോഗിക കത്ത് അയച്ചിട്ടുണ്ട്. ടി കത്തിന്റെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ.